# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1104** — 20/01/2014 ൽ മറുപടിക്ക്

**ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപന ങ്ങളുടെ അ ടി സ്ഥാന സൗകര്യ വികസന ഫണ്ട്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.റ്റി. എ. റഹീം | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസന ത്തിനുള്ള ഫണ്ട് (ഐ. ഡി. എം. ഐ) ലഭിക്കുന്നതിന് ഈ സർക്കാർ വന്ന ശേഷം ഓരോ വർഷവും എത്ര വീതം അപേക്ഷകളാണ് ലഭിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ; | എ) | ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ട് (ഐ. ഡി. എം.ഐ) ലഭിക്കുന്നതിന് ഈ സർക്കാർ വന്ന ശേഷം താഴെപ്പറയുന്ന രീതിയിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br>2011-12 – 194 അപേക്ഷകൾ<br>2013-14 – 454 അപേക്ഷകൾ |
| ബി) ഇവയിൽ ഓരോ വർഷവും എത്ര എണ്ണം വീതമാണ് കേന്ദ്ര സർക്കാരിന് സമർപ്പി ച്ചിട്ടുള്ളത്; | ബി) | 2011-12 – 166 അപേക്ഷകൾ<br>2013-14 – 371 അപേക്ഷകൾ<br>എന്ന ക്രമത്തിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) കേന്ദ്ര സർക്കാർ ഓരോ വർഷവും എത്ര അപേക്ഷകൾ വീതമാണ് അനുവ ദിച്ചിട്ടുള്ളത്; | (സി) | 2011-12 വർഷത്തിൽ 137 അപേക്ഷകർക്ക് ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചിട്ടുണ്ട്. അതിൽ 116 അപേക്ഷകർക്ക് ഫണ്ടും ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 21 സ്ഥാപനങ്ങൾക്ക് ഫണ്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കാനുണ്ട്. 2013-14 വർഷത്തിൽ 29 സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ചുകൊണ്ട് ഉത്തരവ് ലഭിച്ചെങ്കിലും ഫണ്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ഡി) ബന്ധപ്പെട്ട മാർഗ്ഗരേഖകൾ പാലിക്കാത്ത തിനെത്തുടർന്ന് കേന്ദ്ര ഗ്രാന്റ് ഇൻ-എയ്ഡ് കമ്മിറ്റി ഏതെങ്കിലും അപേക്ഷ തിരിച്ചയച്ചിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും എത്ര വീതമാണ്; വ്യക്തമാക്കാമോ; | (ഡി) | 2011-12 വർഷത്തിൽ 28 അപേക്ഷകൾ കേന്ദ്ര ഗവൺമെന്റ് ഗ്രാൻറ് നൽകാതെ നിരാക രിച്ചിട്ടുണ്ട്. 2013-14 വർഷത്തിൽ 342 അപേക്ഷകൾ നിരാകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | അപേക്ഷകൾ തിരിച്ചയച്ചതിനുള്ള കാരണം കേന്ദ്രം വ്യക്തമാക്കിയിട്ടുണ്ടോ ; | (ഇ) | ഓരോ അപേക്ഷയും തിരിച്ചയച്ചതിന്റെ കാരണം ലഭ്യമായിട്ടില്ല. എന്നാൽ എല്ലാ അപേക്ഷകൾക്കും പൊതുവായി മാനദണ്ഡങ്ങൾ പാലിക്കാതെയാണ് അയച്ചതെന്ന വിവരമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചത്. |
| (എഫ്) | അപേക്ഷകൾ സൂക്ഷ്മ പരിശോധനക്കു വിധേയമാക്കാതെയാണോ കേന്ദ്രത്തിലേയ്ക്കയക്കുന്നത് ; | (എഫ്) | അപേക്ഷകൾ സംസ്ഥാന ഗ്രാന്റ്-ഇൻ-എയിഡ് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനക്കുശേഷമാണ് കേന്ദ്ര ഗവൺമെന്റിലേക്ക് അയക്കുന്നത്. |
| (ജി) | മാനദണ്ഡങ്ങൾ പാലിക്കാത്ത അപേക്ഷകൾ കേന്ദ്രത്തിലേയ്ക്കയക്കുന്നത് സംസ്ഥാനത്തിന് അവമതിപ്പുണ്ടാക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ജി) | വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് യുക്തമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ